പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം സംബന്ധിച്ച റിവ്യൂ കമ്മിറ്റി

438 [551] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ജനുവരിക്കുശേഷം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് ന്യായമായ സംവരണം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള റിവ്യൂ കമ്മിറ്റി എത്ര പ്രാവശ്യം യോഗം കൂടിയെന്നു വെളിപ്പെടുത്തുമോ ;

(ബി) അത് ഏതെല്ലാം ദിവസങ്ങളിലായിരുന്നു ?

ഉത്തരം

(എ) പത്തു പ്രാവശ്യം.

(ബി) ഏതെല്ലാം ദിവസങ്ങളിലായിരുന്നു എന്നതിന്റെ വിവരം താഴെ ചേർക്കുന്നു.

3-8-1982, 30-3-1983, 20-4-1983, 2-7-1983, 26-9-1983, 12-4-1984, 31-7-1984, 26-3-1985, 6-8-1985, 28-5-1986.

പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ അവകാശപത്രിക

439 [553] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആവശ്യങ്ങളടങ്ങിയ ഒരു അവകാശ പത്രിക ഭാരതീയ അധഃകൃതലീഗ് (എസ്) സംസ്ഥാന കമ്മിറ്റി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഈ അവകാശപത്രികയിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക.
2. ജനസംഖ്യാനുപാതികമായി സംവരണം ഏർപ്പെടുത്തുക.
3. പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ നൽകുക.
4. കടബാദ്ധ്യതകളിൽ നിന്നും മോചിപ്പിക്കുക.
5. ലാൻറ് യൂട്ടിലൈസേഷൻ നിയമം കർശനമായി നടപ്പിലാക്കുക.
6. സർവ്വീസിലുള്ള സംവരണം പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കുക.
7. ബലാൽസംഗത്തിന് വിധേയരാകുന്നവർക്ക് നൽകുന്ന പാരിതോഷികം ഹരിജനങ്ങളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന ഒരു നടപടിയായതിനാൽ നിർത്തലാക്കുക. ബലാൽസംഗം ചെയ്യുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുക.
8. ഭവന നിർമ്മാണത്തിന് ബൃഹത്തായ സമയബന്ധിത പരിപാടി നടപ്പിലാക്കുക.
9. സംവരണ ചൂഷണം അവസാനിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

10. അതിക്രമങ്ങളും തടയാൻ പോലീസ് സെല്ലുകളും രൂപീകരിക്കുക.

11. കർഷകതൊഴിലാളി പെൻഷൻ നൂറു രൂപയാക്കുക.

12. താലൂക്ക് അടിസ്ഥാനത്തിൽ ഹരിജനങ്ങൾക്കുവേണ്ടി ഇൻഡസ്ട്രികളും എസ്റ്റേറ്റുകളും സ്ഥാപിക്കുക.

13. മറ്റു സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നീക്കം അവസാനിപ്പിക്കുക.

14. ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചുകൊടുക്കുവാൻ ആവശ്യമായ വ്യവസ്ഥയോടുകൂടിയ നിയമം ഉടൻ നടപ്പാക്കുക.

15. ബാങ്കുകളും മുഖേന എടുത്തിട്ടുള്ള ലോണുകളിൻമേലുള്ള റവന്യൂ റിക്കവറി നടപടികളും നിർത്തലാക്കുക.

16. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 5 കോടി രൂപ എങ്കിലും നൽകുക.

17. അവശ ക്രൈസ്തവ കോർപ്പറേഷന്റെ അവശത നീക്കുക.

18. പ്രായ പരിധി കഴിഞ്ഞ ഹരിജൻ ഉദ്യോഗാർത്ഥികളെ മുൻഗണന നോക്കാതെ നിയമിക്കുക.

19. 2-2-1984-ൽ സർവീസിൽ ഉണ്ടായിരുന്ന താൽക്കാലിക ജീവനക്കാരായ ഹരിജനങ്ങളെ സ്ഥിരപ്പെടുത്തുമെന്നുള്ള ഉത്തരവ് ആ തീയതിക്കുശേഷം താൽക്കാലിക നിയമനം ലഭിച്ചവർക്കും ബാധകമാക്കുക.

20. എല്ലാ ഹരിജൻ ഉദ്യോഗാർത്ഥികൾക്കും തൊഴിലില്ലായ്മ വേതനം അനുവദിക്കുക.

21. കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും ചെയർമാൻമാരായി പട്ടികജാതി പട്ടിക വർഗ്ഗങ്ങളിൽ നിന്നും കൂടുതൽ പേരെ നിയമിക്കുക.

22. പി. എസ്. സി. യിൽ ഒരു ഹരിജൻ മെമ്പറെകൂടി നിയമിക്കുക.

23. ദേവസ്വം ബോർഡിൽ പ്രസിഡൻറായി പട്ടികജാതിക്കാരനെയും നിയമിക്കുക.

24. അതിക്രമങ്ങൾക്ക് വിധേയരാകുന്ന ഹരിജനങ്ങൾക്ക് കേസുകൾ നടത്താനായി നിയമോപദേശക സമിതികളും രൂപീകരിക്കുക.

25. സംവരണാനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന നീക്കം അവസാനിപ്പിക്കണം.

26. ആദിവാസികൾക്ക് വനഭൂമി നൽകണം.

27. ആദിവാസികൾക്കുള്ള സംവരണം പാലിക്കണം.

28. പട്ടണപ്രദേശങ്ങളിൽ നിന്നും ഹരിജനങ്ങളെ ഒഴിപ്പിക്കുന്ന നടപടി നിർത്തലാക്കുക.

29. ഗവൺമെൻറ് ഗ്രാൻറ് നൽകി പണി പൂർത്തിയാകാത്ത വീടുകൾ പണിയാൻ സാമ്പത്തിക സഹായം നൽകുക.

30. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാൻറും സ്റ്റൈപ്പൻറും വർദ്ധിപ്പിക്കുക.

31. പട്ടികജാതി പട്ടിക വർഗ്ഗ ഉദ്യോഗസ്ഥൻമാരെ അതാതുജില്ലകളിൽ തന്നെ നിയമിക്കണം.

32. അയിത്തവും അടിമവേലയും അവസാനിപ്പിക്കണം.

33. നിർത്തലാക്കപ്പെട്ട ഭൂ വിതരണം നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

34. സ്പെഷ്യൽ കമ്പോണന്റ് പ്ലാനിലുള്ള തട്ടിപ്പ് അവസാനിപ്പിക്കുക.

35. വ്യവസായ ലൈസൻസിൽ തൊഴിൽ സംവരണം ഉറപ്പു വരുത്തണം.

36. വീട് പൊളിച്ച് നശിപ്പിച്ചതിന് പകരം വീടുകൾ നൽകണം.

37. കളക്ടർമാരെയും വകുപ്പദ്ധ്യക്ഷൻമാരെയും തൽസ്ഥാനങ്ങളിൽ നിയമിക്കുക.

38. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി ട്രൈബൽ ബോർഡ് ഹരിജൻ ക്ഷേമ ഉപദേശക ബോർഡ് ഏജൻസി ഡവലപ്പ്മെന്റ് കമ്മിറ്റി തുടങ്ങിയവ മൂന്നുമാസത്തിലൊരിക്കലെങ്കിലും വിളിച്ചുകൂട്ടുക.

39. സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലെ ജോലിക്കാരുടെ ആശ്രിതർക്ക് നിയമനങ്ങൾ റിസർവ് ചെയ്യുന്നത് തടയുക.

40. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കോളേജ് പ്രവേശനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

41. പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കുക.

42. പശ്ചിമഘട്ട വികസന പദ്ധതി ഫലപ്രദമാക്കുക.

43. ആദിവാസി കേന്ദ്രങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുക.

44. ആദിവാസി കേന്ദ്രങ്ങളിൽ വ്യവസായങ്ങൾ തുടങ്ങുക.

45. മൊബൈൽ മെഡിക്കൽ സൗകര്യം ഊർജ്ജിതമാക്കുക.

46. ഹരിജൻ സംഘടനകൾക്കും ഹരിജനങ്ങളായ വ്യക്തികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക.

47. സഹകരണ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുക.

48. മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുറക്കുക.

49. ഹോസ്പിറ്റൽ സൗകര്യം മെച്ചപ്പെടുത്തുക.

50. മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

51. ഹരിജൻ ശ്മശാനങ്ങൾ മതിലുകെട്ടി സംരക്ഷിക്കുക.

52. വള്ളത്തൊഴിലാളികൾക്ക് പെൻഷൻ നൽകുക.

53. ഹരിജനങ്ങളുടെ ഭൂമിക്ക് പട്ടയം നൽകുക.

54. ഹരിജൻ മൽസ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക.

55. ഹരിജൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക.

56. അവശക്രൈസ്തവർക്ക് നിയമസഭയിലും ലോകസഭയിലും പ്രാതിനിദ്ധ്യം നൽകുക.

57. ഈഴവർക്ക് സൗജന്യനിരക്കിൽ പാസ് അനുവദിക്കണം

(സി) ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൽ സാധ്യമായ എല്ലാം നടപ്പിലാക്കി കഴിഞ്ഞു. സർവ്വീസിലുള്ള സംവരണം പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കിക്കഴിഞ്ഞു.

ഭവന നിർമ്മാണത്തിനു പല വകുപ്പുകൾ മുഖേന പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഏകദേശം 9.84,32,300 (ഒൻപത് കോടി എൺപത്തിനാലു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തിമുന്നൂറു) രൂപയോളം ഓഹരി മൂലധനമായി നൽകി കഴിഞ്ഞു. ഇതിനു പുറമേ മറ്റു പലതരത്തിലുള്ള ധനസഹായങ്ങളും കോർപ്പറേഷന് നൽകികൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റു് ലംപ്സം ഗ്രാന്റും 1-12-1984 മുതൽ 30% കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. മെസ്ചാർജും ഈ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

മറ്റാവശ്യങ്ങളിൻമേൽ നടപടികൾ എടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സംസ്ഥാന ട്രൈബൽ ബോർഡ്

440 [554] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന ട്രൈബൽ ബോർഡ് എത്ര പ്രാവശ്യം കൂടിയിട്ടുണ്ട് ;

(ബി) അതെല്ലാം തീയതികളിൽ ?

ഉത്തരം

(എ) രണ്ട് പ്രാവശ്യം.

(ബി) 2-5-1984, 8-4-1985 എന്നീ തീയതികളിൽ.

തണ്ടാർ എന്ന സ്ഥാനപ്പേരോടുകൂടി അറിയപ്പെടുന്നവർക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ

441. [555] ശ്രീ. കെ.കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശത്തെ ഈഴവ-തീയ്യ സമുദായത്തിൽപ്പെട്ടവരായ തണ്ടാർ എന്ന സ്ഥാനപ്പേരോടുകൂടി അറിയപ്പെടുന്നവർക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ഈ സർക്കാർ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഈ ആനുകൂല്യങ്ങൾ നൽകുന്നത് ;

(സി) എന്നു മുതൽക്കാണ് ഈ ആനുകൂല്യങ്ങൾ നൽകി തുടങ്ങിയത് ; ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഇല്ല.

(ബി) ആൻറ് (സി) ചോദ്യം ഉദിക്കുന്നില്ല.

വെട്ടുവർ സമുദായത്തിന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

442. [556] ശ്രീ.എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിലുള്ള വെട്ടുവർ സമുദായത്തിന് കഴിഞ്ഞവർഷം വരെ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യം ഈ വർഷം മുതൽ നിറുത്തിവയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly